**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 2903

18.06.2018- ൽ
മറുപടിയ്ക്ക്

**സുൽത്താൻ ബത്തേരി നഗരസഭ നിലവിൽ വരുന്നതിന് മുമ്പുള്ള പട്ടയ അപേക്ഷകൾ**

ചോദ്യം
ശ്രീ.ഐ.സി.ബാലകൃഷ്ണൻ

മറുപടി
ശ്രീ.ഇ.ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും
വകുപ്പ് മന്ത്രി)

(എ) സുൽത്താൻ ബത്തേരി നഗരസഭ നിലവിൽ വരുന്നതിന് മുമ്പ് വിവിധ റവന്യൂ ഓഫീസുകളിൽ നിലവിലുണ്ടായിരുന്ന പട്ടയ അപേക്ഷകളിൻമേൽ പട്ടയം അനുവദിക്കുന്നതിന് അനുമതി നൽകുമോ;

(എ) 1994 ലെ കേരള മുൻസിപ്പാലിറ്റി ആക്ടിലെ സെക്ഷൻ 4(5) പ്രകാരം ഒരു വില്ലേജ് പഞ്ചായത്ത് മുൻസിപ്പാലിറ്റിയിൽ ഉൾപ്പെടുത്തുന്ന തീയതി മുതൽ മുൻസിപ്പാലിറ്റിക്ക് ബാധകമായ നികുതി നിരക്ക്, ഫീസ് മറ്റ് ചാർജ്ജുകൾ പ്രാബല്യത്തിൽ വരുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ഭൂമി പതിവ് സംബന്ധിച്ച് പ്രസ്തുത വില്ലേജ് പഞ്ചായത്ത് നഗരസഭയിൽ സംയോജിപ്പിച്ചതിനു ശേഷം സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച് പ്രത്യേക വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ലാത്തതാണെങ്കിലും നഗരസഭാ പരിധിയിൽ ഉൾപ്പെടുന്ന സർക്കാർ ഭൂമി പതിച്ചു നൽകേണ്ടത് 1995 ലെ മുൻസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരമായതിനാൽ പഞ്ചായത്ത് പ്രദേശം മുൻസിപ്പാലിറ്റിയായി വിജ്ഞാപനം ചെയ്ത് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ പ്രസ്തുത ചട്ടങ്ങൾ പ്രകാരമാണ് ഭൂമി പതിച്ചു നൽകുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നത്.

(ബി) അല്ലെങ്കിൽ ഇത്തരം കേസുകളിൽ 1995 ലെ മുനിസിപ്പൽ ഭൂപതിപ്പ് ചട്ടങ്ങൾ പ്രകാരമുള്ള വ്യവസ്ഥകളിൽ ഇളവ് നൽകുന്ന കാര്യം പരിഗണിക്കുമോ;

(ബി) സുൽത്താൻ ബത്തേരി നഗരസഭ നിലവിൽ വരുന്നതിനു മുമ്പ് വിവിധ റവന്യൂ ഓഫീസുകളിൽ നിലവിലുണ്ടായിരുന്ന പട്ടയ അപേക്ഷകൾ 1995-ലെ മുൻസിപ്പൽ ഭൂപതിവ് ചട്ടങ്ങൾ പ്രകാരമുള്ള വ്യവസ്ഥകളിൽ ഇളവ് നൽകി പരിഗണിക്കുന്നത് സംബന്ധിച്ച് ലാൻഡ് റവന്യൂ കമ്മീഷണർ/ജില്ലാ കളക്ടറിൽ നിന്ന് പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണ്.

(സി) സുൽത്താൻ ബത്തേരി താലൂക്കിൽ സ്ഥിരമായി വെള്ളപ്പൊക്ക ഭീഷണി നേരിടുന്ന ആദിവാസി കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നതിലേക്കായി വിലയ്ക്ക് വാങ്ങുന്നതിന് കണ്ടെത്തിയ ഭൂമിക്ക് റവന്യൂ അധികാരികൾ നിശ്ചയിച്ചിട്ടുള്ള വില തീരെ കുറവായതിനാൽ ഉടമകൾ ഭൂമി വിൽക്കാൻ തയ്യാറല്ലാത്ത സാഹചര്യത്തിൽ പുതിയ പ്രോജക്ട് തയ്യാറാക്കി അനുമതി നൽകുമോ?

(സി) സുൽത്താൻബത്തേരി താലൂക്കിൽ സ്ഥിരമായി വെള്ളപ്പൊക്ക ഭീഷണി നേരിടുന്ന ആദിവാസികുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കുന്നതിനു വേണ്ടി കണ്ടെത്തിയ ഭൂമിയുമായി ബന്ധപ്പെട്ട് 22/06/2018-ലേയ്ക്ക് നിശ്ചയിച്ചിരിക്കുന്ന നെഗോസിയേഷൻ മീറ്റിംഗിന് ശേഷം മാത്രമേ ഭൂവുടമകളുടെ തീരുമാനം അറിയുന്നതിന് നിർവ്വാഹമുള്ളൂ.

സെക്ഷൻ ഓഫീസർ